


■ ലേഖനം

## എം.വി മുഹമ്മദ് സലീം

**ബലി ഒരു പ്രതീകാത്മക കർമമാണ്. അഭിലാഷങ്ങളെ ബലിയേകി അല്ലാഹുവിന്റെ പ്രീതിക്ക് പ്രാമുഖ്യം കൽപിക്കാനുള്ള പരിശീലനമാണത്. അതിൽ മനസ്സാന്നിധ്യമാണ് പ്രധാനം. ഇബ്‌റാഹീമിന്റെയും ഇസ്മാഈലിന്റെയും വിശ്വാസദാർഢ്യവും ദൈവഭക്തിയും അല്ലാഹുവിനോടുള്ള അതിരറ്റ സ്നേഹവും സ്വന്തമാക്കാൻ ഈ കർമത്തിലൂടെ സാധിക്കുമ്പോൾ മാത്രമേ ബലി അന്വർഥമാകുന്നുള്ളൂ.**

**ലോകജനതയിൽ** രണ്ടു വിരുദ്ധ ജീവിതവീക്ഷണങ്ങൾ കാണാം. ഭൗതികസുഖങ്ങൾ പാടെ ത്യജിച്ച് ആത്മീയ മോക്ഷം ലക്ഷ്യം വെക്കുന്ന വൈരാഗ്യചിന്തയാണ് ഒന്ന്. മിക്ക മതങ്ങളും ഈ വീക്ഷണമാണ് പഠിപ്പിക്കുന്നത്. ആത്മീയ ചിന്ത പൂർണമായും അവഗണിച്ച് ഭൗതികസുഖങ്ങൾ ആസ്വദിക്കുക എന്നതാണ് രണ്ടാമത്തെ ജീവിതവീക്ഷണം. മതമുക്തമായ ദർശനങ്ങളെല്ലാം ഈ വീക്ഷണം വ്യത്യസ്ത രൂപങ്ങളിൽ അവതരിപ്പിക്കുന്നു. മതാനുയായികളെന്ന് അവകാശപ്പെടുന്നവരിലും ഈ വീക്ഷണം കടന്നുകയറിയിട്ടുണ്ട്.

ആത്മീയതയും ഭൗതികതയും സന്തുലിതമായി സമന്വയിപ്പിക്കുന്ന ജീവിത ദർശനമാണ് ഇസ്ലാം. ഈ സവിശേഷത അതിന്റെ ശിക്ഷണങ്ങളിലെല്ലാം നിറഞ്ഞുനിൽക്കുന്നതായി നമുക്കനുഭവപ്പെടും.

ഇസ്‌ലാമിൽ രണ്ട് ആഘോഷങ്ങളാണുള്ളത്. ഈദുൽ ഫിത്വ്ർ, ഈദുൽ അദ്ഹാ. നബി(സ) മദീനയിൽ ചെന്നപ്പോൾ അവിടുത്തുകാർ രണ്ടാഘോഷങ്ങൾ കൊണ്ടാടാറുണ്ടെന്ന് അനുയായികൾ പറഞ്ഞു. അപ്പോൾ നബി(സ) അരുൾ ചെയ്തു. "അല്ലാഹു അവക്കു പകരം ഉത്തമമായ രണ്ട് സുദിനങ്ങൾ നിങ്ങൾക്ക് നിശ്ചയിച്ചുതന്നിരിക്കുന്നു. ഫിത്വ്ർ ദിനവും അദ്ഹാ ദിനവും."

വിശുദ്ധ ഖുർആന്റെ അവതരണ വാർഷികമാണ് റമദാൻ. ഈ പുണ്യമാസം വ്രതാനുഷ്ഠാനം നടത്തി അല്ലാഹുവിനെ സ്തുതിക്കാനും അവന് നന്ദി പ്രകടിപ്പിക്കാനുമാണ് വിശ്വാസിക്കുള്ള നിർദേശം. ഈ മഹത്തായ ആരാധനാ കർമത്തിന്റെ പരിസമാപ്തിയാണ് ഈദുൽ ഫിത്വ്ർ ആഘോഷം.

വിശുദ്ധ ഖുർആനിലൂടെ മാനവരാശിക്ക് സമർപ്പിക്കപ്പെട്ട ജീവിതദർശനത്തിന്റെ സമ്പൂർത്തി ഹിജ്റാബ്ദം ഒമ്പതാം വർഷം ദുൽഹജ്ജ് മാസം ഒമ്പതാം തീയതി അറഫയിൽ വെച്ച് അവതരിച്ച സൂക്തത്തോടെയാണ്. "ഇന്ന് നിങ്ങളുടെ ജീവിതവ്യവസ്ഥ ഞാൻ നിങ്ങൾക്ക് സമ്പൂർണമാക്കിത്തന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് പൂർത്തീകരിച്ചുതന്നു. ഇസ്‌ലാമിനെ നിങ്ങൾക്ക് ജീവിതവ്യവസ്ഥയായി ഞാൻ തൃപ്തിപ്പെട്ടു" (ഖുർആൻ 5:3). ദൈവികവ്യവസ്ഥ പരിപൂർണമായെന്ന വിളംബരം അനുസ്മരിക്കുന്ന സുപ്രധാന ആരാധനാ കർമമാണ് പരിശുദ്ധ ഹജ്ജ്. ഹജ്ജിൽ ഏറ്റവും സുപ്രധാനമാണ് അറഫാ സമ്മേളനം. ഇതിന്റെ പശ്ചാത്തലത്തിലാണ് ദുൽഹജ്ജ് മാസം 10-ാം തീയതി ബലിപെരുന്നാൾ ആഘോഷിക്കുന്നത്.

ആഹ്ലാദപ്രകടനവും ആഘോഷവുമെല്ലാം ആത്മീയ പശ്ചാത്തലത്തിലാണ് എന്നതാണ് ഇസ്‌ലാമിലെ പെരുന്നാളുകളെ വേറിട്ടുനിർത്തുന്നത്. ഇതര ദർശനങ്ങളിൽ ആഘോഷങ്ങളുടെ അടിസ്ഥാനം വ്യക്തികളുടെ ജനനമോ അധികാരാരോഹണമോ രാഷ്ട്രവ്യവസ്ഥയുടെ മാറ്റമോ ദേശീയ പ്രാധാന്യമുള്ള സംഭവങ്ങളോ ആവാം. എല്ലാ പൗരന്മാർക്കും ഒരേ രൂപത്തിലുള്ള പങ്കാളിത്തവും മനപ്പൊരുത്തവും ഈദിന്റെ പ്രത്യേകതയാണ്. അക്ഷരാർഥത്തിൽ 'ജനകീയാഘോഷമാണ്' രണ്ട് പെരുന്നാളുകൾ.

മനുഷ്യന്റെ ഭൗതികാവശ്യങ്ങളോട് പുറംതിരിഞ്ഞുനിൽക്കുന്ന മതദർശനങ്ങൾ, ആത്മീയോൽക്കർഷവും മോക്ഷവും ഒരു ചെറിയ ന്യൂനപക്ഷത്തിനു മാ

ത്രമേ പ്രാപിക്കാനാവൂ എന്ന് സിദ്ധാന്തിക്കുന്നു. ഇസ്‌ലാമിലാവട്ടെ, ജീവിതസംസ്കരണത്തിലൂടെ ഏവർക്കും തേടിയെടുക്കാവുന്നതാണ് മോക്ഷവും സ്വർഗവും.

പെരുന്നാളാഘോഷം ആരംഭിക്കുന്നത് അന്തരീക്ഷത്തിൽ മുഖരിതമാകുന്ന തക്ബീർധ്വനികളോടെയാണ്. 'അല്ലാഹുവാണ് മഹാൻ, ഏറ്റം വലിയൻ; അല്ലാഹുവല്ലാതെ ആരാധ്യനില്ല, യജമാനനില്ല. അല്ലാഹുവാണത്യുന്നതൻ, എല്ലാ സ്തുതിയും അല്ലാഹുവിനു മാത്രം' എന്നർഥമുള്ള തക്ബീർ വിശ്വാസിയുടെ ലക്ഷ്യബോധവും ജീവിതദർശനവും വ്യതിരിക്തമായി പ്രഖ്യാപിക്കുന്ന മുദ്രാവാക്യമാണ്. നമസ്കാര സ്ഥലത്തേക്ക് സംഘടിതമായി നീങ്ങുമ്പോൾ വിശ്വാസികൾ ഈ ആദർശവാക്യങ്ങൾ ഉച്ചൈസ്തരം ഉദ്ഘോഷിച്ചുകൊണ്ടിരിക്കുന്നു. പെരുന്നാൾ രാവ് മുതൽ നമസ്കാരം ആരംഭിക്കുന്നതുവരെ വിശ്വാസി ചൊല്ലുന്ന ഏറ്റവും പുണ്യമുള്ള ദിക്റാണ് തക്ബീർ. "നിങ്ങളെ സന്മാർഗത്തിൽ നയിച്ചതിന് നിങ്ങൾ അല്ലാഹുവിനെ പ്രകീർത്തിക്കാൻ വേണ്ടിയാണത്. സച്ചരിതരെ സന്തോഷവാർത്ത അറിയിക്കുക" (ഖുർആൻ 22:37).

ഒരു വിശ്വാസിയുടെ ജീവിതത്തിൽ നിരന്തരം നിർവഹിക്കുന്ന പുണ്യകർമമാണ് തക്ബീർ. നമസ്കാരത്തിന് വിളിക്കുന്നതും നമസ്കാരം ആരംഭിക്കുന്നതും അതിലെ ചലനങ്ങൾ മാറുന്നതും എല്ലാം 'അല്ലാഹു അക്ബർ' എന്ന തക്ബീർ ധ്വനിയിലൂടെയാണ്. തക്ബീറിന്റെ അർഥവും പൊരുളും ഗ്രഹിച്ച് ഈ വചനം ഉരുവിടുമ്പോൾ ജീവിതത്തിൽ മാറ്റമുണ്ടാക്കണമെന്ന നിശ്ചയത്തിന് ദൃഢതയേറുന്നു. അതിനാൽ ഈ ആവർത്തനം ഒട്ടും വിരസമാകുന്നില്ല.

മുസ്‌ലിംകൾ പെരുന്നാളാഘോഷിക്കുന്നത് ഒരു പ്രത്യേക നമസ്കാരത്തോടെയാണ്. ഒന്നാമത്തെ റക്അത്തിൽ ഏഴു തവണയും രണ്ടാം റക്അത്തിൽ അഞ്ചു തവണയും തക്ബീർ ചൊല്ലുന്നു എന്നതാണ് പെരുന്നാൾ നമസ്കാരത്തിന്റെ പ്രത്യേകത. മറ്റൊരു സവിശേഷത, പള്ളികൾക്ക് പുറത്ത് മൈതാനത്ത് വെച്ചാണ് നമസ്കാരവും ശേഷമുള്ള പ്രസംഗവും നടത്തേണ്ടത് എന്നതാണ്. മഴയോ മറ്റു പ്രതിബന്ധങ്ങളോ ഉണ്ടാകുമ്പോൾ മാത്രമാണ് പെരുന്നാൾ നമസ്കാരം പള്ളിയിൽ വെച്ച് നിർവഹിക്കുന്നത്. പെരുന്നാൾ സമ്മേളനം ഇസ്‌ലാമിക ചിഹ്നങ്ങളിലൊന്നായാണ് പണ്ഡിതന്മാർ എണ്ണിയിട്ടുള്ളത്. സ്ത്രീകളും കുട്ടികളുമടക്കം ആബാലവൃദ്ധം മുസ്‌ലിംകൾ സംബന്ധിക്കുന്ന ഒരു മഹാസമ്മേളനം. നമസ്കാരം നിർവഹിക്കാൻ പറ്റാത്ത സ്ത്രീകൾ സന്നിഹിതരാവുകയും നമസ്കാരത്തിൽനിന്ന് വിട്ടുനിന്ന് ഖുത്ബ ശ്രവിക്കുകയുമാണ് വേണ്ടതെന്ന് നബി(സ) തിരുമേനി പഠിപ്പിക്കുന്നു. വേലക്കാരികൾക്ക് വസ്ത്രം വായ്പ കൊടുത്ത് അവരെക്കൂടി മൈതാനിയിൽ കൊണ്ടുപോയിരുന്നതായി സ്വഹാബി വനിതകൾ വിവരിക്കുന്നുണ്ട്.

പള്ളിയിൽ വെച്ചാണ് പെരുന്നാൾ നമസ്ക്കരിക്കുന്നതെങ്കിൽ അതൊരു പെരുന്നാൾ സംഗമമാക്കി മാറ്റാൻ പ്രയാസമാണ്. അശുദ്ധിയുള്ള സ്ത്രീകൾക്ക് അതിൽ സംബന്ധിക്കാനാവില്ല. മൈതാനിയിൽ വെച്ച് ഈദ് നമസ്കാരം നടത്താതിരുന്നാൽ സാധാരണ നമസ്കാരം പോലെതന്നെയാണ് പെരുന്നാൾ നമസ്കാരവും എന്ന് ജനങ്ങൾ ധരിച്ചുവശാകും.

പെരുന്നാൾ ആഘോഷിക്കുമ്പോൾ മദീനയിലെ പള്ളിയങ്കണത്തിൽ അബ്സീനിയക്കാർ അഭ്യാസ പ്രകടനം നടത്തിയിരുന്നു. അവരെ പ്രോത്സാഹിപ്പിച്ചുകൊണ്ട് നബി(സ) പറഞ്ഞു: "ഇസ്‌ലാമിന്റെ വിശാല വീക്ഷണം ജൂതന്മാർ മനസ്സിലാക്കട്ടെ" (മത തീവ്രതക്ക് ഉദാഹരണമാണ് ജൂതന്മാർ). പത്നി ആഇശ(റ)യെ തിരുമേനി അഭ്യാസം കാണാൻ ക്ഷണിച്ച് കൂടെ നിർത്തി (മുസ്‌ലിം). ആത്മീയതയുടെ കേന്ദ്രമായ പള്ളി അനുവദനീയമായ ആനന്ദത്തിന്റെയും ആഘോഷത്തിന്റെയും ഇടമാക്കാമെന്ന വിശാലവീക്ഷണമാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്.

പെരുന്നാൾ സുദിനത്തിൽ മദീനയിലെ ഗായികമാർ നബി(സ)യുടെ വീട്ടിൽ വാദ്യാഘോഷങ്ങളുമായി പാട്ടുപാടുന്നു. നബി(സ) പുതച്ച് കിടക്കുന്നു. ആഇശ(റ)യുടെ പിതാവ് അബൂബക്ർ സിദ്ദീഖ്(റ) പെരുന്നാൾ സന്ദർശനത്തിന് വരുമ്പോൾ കാണുന്ന ദൃശ്യമാണിത്. അദ്ദേഹം പുത്രിയെ ശാസിച്ചു: 'റസൂലിന്റെ മുമ്പിൽ പൈശാചിക സംഗീതമോ?' നബി(സ) ഇടപെടുന്നു: 'അവർ പാടട്ടെ, അബൂബക്ർ. ഇന്ന് ആഘോഷദിനമല്ലേ?'

ഈ അനുവാദം സൂക്ഷ്മമായി വിലയിരുത്തിയ പണ്ഡിതന്മാർ ഇതിന്റെ അതിർവരമ്പുകൾ വരച്ചുകാണിച്ചിട്ടുണ്ട്. ഇമാം ഗസാലി(റ) ഹൃദ്യമായ ഒരുദാഹരണത്തിലൂടെ ഇക്കാര്യം വിവരിക്കുന്നു: 'വെളുത്ത് സുന്ദരിയായ ഒരു തരുണിയുടെ കവിളിൽ കറുത്ത ഒരു കൊച്ചു മറുക് സൗന്ദര്യത്തിന് മാറ്റുകൂട്ടുന്നു. മറുക് വലുതായാലോ? ഇതേപോലെയാണ് സംഗീതം ആനന്ദിക്കാൻ അൽപം മാത്രം അനുവദിച്ചിരിക്കുന്നത്. അമിതമായാൽ അതീവ അപകടകാരിയാണത്'. ഇതര വിനോദങ്ങളുടെയും ഇസ്‌ലാമിക വിധി ഇങ്ങനെ വിലയിരുത്തണം. മാനസികോല്ലാസം ആവശ്യത്തിനപ്പുറം പോയാൽ ജീവിതോദ്ദേശ്യവും ലക്ഷ്യവും വിസ്മരിക്കപ്പെടുക സ്വാഭാവികം.

## പെരുന്നാളും മൃഗബലിയും

ഈദുൽ അദ്ഹാ എന്നതിന്റെ വിവർത്തനമാണ് ബലി പെരുന്നാൾ. അദ്ഹാ, ഉദ്ഹിയ്യ, ദഹിയ്യ എന്നീ പദങ്ങൾ ദൈവസാമീപ്യം ലക്ഷ്യം വെച്ചു നടത്തുന്ന ബലിയെ കുറിക്കുന്നു. പെരുന്നാൾ നമസ്കാരം കഴിഞ്ഞ് ബലിയറുക്കുന്ന സമയവുമായും ഈ പദത്തിനു ബന്ധമുണ്ട്. നമസ്കാരത്തിന് മുമ്പ് നിർവഹിക്കുന്ന ബലി സാധുവാകുകയില്ല. മൃഗബലി പ്രബലമായ സുന്നത്താണ്. ഒരാൾക്ക് ഒരാട്. ഒരു കാളയുടെ ഏഴിലൊന്ന്, ഒരൊട്ടകത്തിന്റെ ഏഴിലൊന്ന് എന്നിങ്ങനെ ബലിയറുക്കാം. സാമ്പത്തികശേഷിയുള്ളവർ വീഴ്ചവരുത്താതെ ചെയ്യേണ്ട പുണ്യകർമമാണ് ബലി. ബലിമൃഗം അരോഗവും അന്യൂനവുമായിരിക്കണം. പ്രായാധിക്യമുള്ളതോ വാലറ്റതോ കാത് കീറിയതോ ആയ മൃഗങ്ങൾ ബലിക്ക് പറ്റുകയില്ല. ഒട്ടകത്തിന് അഞ്ചു വയസ്സായാൽ ബലിക്ക് പറ്റും. കാളക്കും പോത്തിനും രണ്ട് വയസ്സാണ് പ്രായം. കോലാടിന് ഒരു വയസ്സ്. നെയ്യാടിന് ആറു മാസം പൂർത്തിയായാൽ മതി. ഈ നിബന്ധനകൾ പാലിച്ച് നിർവഹിക്കുന്ന ബലി മാത്രമേ സാധുവാകയുള്ളൂ.

പെരുന്നാൾ നമസ്കാരവും ഖുത്ബയും കഴിഞ്ഞാണ് ബലിയറുക്കേണ്ടത്. ബലിയേകുന്ന വ്യക്തിതന്നെ അറുക്കുന്നതാണ് ഉത്തമം. സ്വയം അറുക്കുന്നില്ലെങ്കിൽ ബലിയറുക്കുന്നേടത്ത് സന്നിഹിതനാവണം. ബലിമൃഗത്തോട് സൗമ്യമായും കരുണയോടെയും പെരുമാറണം. നല്ല മൂർച്ചയുള്ള കത്തിയാണ് ഉപയോഗിക്കേണ്ടത്. അല്ലാഹുവിന്റെ നാമത്തിൽ (ബിസ്മില്ലാഹി) എന്നുച്ചരിച്ചുകൊണ്ടാണ് അറുക്കേണ്ടത്. ഉരുവിന്റെ ജീവൻ പോയി നിശ്ചലമാകുന്നതിനു മുമ്പ് തൊലിയുരിക്കാനോ അവയവങ്ങൾ മുറിക്കാനോ പാടില്ല.

ബലിയറുക്കുന്ന വ്യക്തി ബലിമൃഗത്തിന്റെ മാംസം ഭക്ഷിക്കുന്നത് സുന്നത്താണ്. ദരിദ്രർക്കും പാവങ്ങൾക്കും ദാനം ചെയ്യുക എന്നതാണ് ബലിയുടെ പ്രധാന ലക്ഷ്യം. ഇബ്റാഹീം നബി (അ)യുടെ ത്യാഗപൂർണമായ ജീവിതത്തിന്റെ പ്രധാന സംഭവങ്ങൾ അനുസ്മരിച്ചുകൊണ്ടാണ് ഹജ്ജ് കർമം നിർവഹിക്കുന്നത്. ഈ സംഭവങ്ങളിൽ പരമപ്രധാനം അല്ലാഹുവിന്റെ തീക്ഷ്ണമായ ഒരു പരീക്ഷണമാണ്. വിശ്വാസി അല്ലാഹുവിനെ ഏറ്റവുമധികം സ്നേഹിക്കുന്നു. അല്ലാഹു ആവശ്യപ്പെടുന്നതെന്തും സസന്തോഷം നൽകുന്നു. എല്ലാം അല്ലാഹുവിന്റെ ദാനം മാത്രമാണല്ലോ. മനുഷ്യനേ

റ്റവും പ്രിയപ്പെട്ടതും അവന് കൈവിടാൻ പറ്റാത്തതുമാണ് അല്ലാഹു ആവശ്യപ്പെടുന്നതെങ്കിലോ? ഇവിടെയാണ് വിശ്വാസത്തിന്റെ യഥാർഥ മാറ്റുരക്കൽ.

വൃദ്ധനായ ഇബ്റാഹീം (അ) ആറ്റുനോറ്റ് വളർത്തിയ ഏക പുത്രൻ പിതാവിന് താങ്ങും തണലുമാകാനുതകുന്ന പ്രായത്തിലേക്ക് കാലെടുത്തുവെക്കുകയാണ്. അരുമയായ പുത്രനെ അല്ലാഹുവിന് ബലി നൽകണമെന്ന ദൈവകൽപന വരുന്നു. പ്രപഞ്ചനാഥനായ അല്ലാഹു ആവശ്യപ്പെടുമ്പോൾ എല്ലാം നൽകാൻ സന്നദ്ധമായിരുന്നു ഇബ്റാഹീ(അ)മിന്റെ മനസ്സ്. എന്നാൽ താനിതുവരെ മകന് നൽകിയ ശിക്ഷണങ്ങൾ യഥാർഥ ഫലം ചെയ്തിട്ടുണ്ടോ എന്നുകൂടി അറിയേണ്ടതുണ്ട്. മകൻ വിശ്വാസികളുടെ മുന്നിൽ നടക്കാനുള്ള പക്വത നേടിയിട്ടുണ്ടോ? അതിനാൽ 'ബലി'യാകാൻ പോകുന്ന മകനോട് അല്ലാഹുവിന്റെ ഉത്തരവിനെക്കുറിച്ച് പറയുന്നു, അഭിപ്രായമാരായുന്നു.

വിശ്വാസികളായ പിതാക്കൾക്ക് ഇബ്റാഹീം (അ) ഉത്തമ മാതൃകയായതുപോലെ വിശ്വാസികളായ പുത്രന്മാർക്ക് ഇസ്മാഈൽ (അ) ഉത്തമ മാതൃകയായി. 'അല്ലാഹുവിന്റെ കൽപന നിറവേറ്റുക'. ഭക്തനായ ആ യുവ വിശ്വാസി പിതാവിനോട് ആവശ്യപ്പെട്ടു. അദ്ദേഹത്തിന്റെ സന്താനപരമ്പരയിൽനിന്നാണല്ലോ അന്ത്യപ്രവാചകൻ മുഹമ്മദ് മുസ്ത്വഫായെ അല്ലാഹു തെരഞ്ഞെടുത്തത്.

'ജീവിക്കുന്നത് അല്ലാഹുവിനു വേണ്ടി. മരിക്കുന്നത് അല്ലാഹുവിന്റെ മാർഗത്തിൽ'-ഇതാണ് യഥാർഥ വിശ്വാസിയുടെ ജീവിതവീക്ഷണം. അല്ലാഹുവിനുവേണ്ടി സർവതും ത്യജിക്കാനും ബലിയർപ്പിക്കാനും വിശ്വാസി ഒട്ടും ശങ്കിക്കാതെ മുന്നോട്ടുവരും. ഈ സന്നദ്ധത പരീക്ഷിക്കാനായിരുന്നു ഇബ്റാഹീം (അ) പുത്രനെ ബലിയർപ്പിക്കണമെന്ന് അല്ലാഹു കൽപിച്ചത്. പിതാവും പുത്രനും സർവാത്മനാ സന്നദ്ധരായപ്പോൾ അല്ലാഹു അരുൾ ചെയ്തു: 'ഇബ്റാഹീം, നീ കൽപന അനുസരിച്ചിരിക്കുന്നു.' പുത്രന് പകരം ഒരു മൃഗത്തെ ബലിയറുത്ത് ഈ ത്യാഗസ്മരണ നിലനിർത്താൻ അല്ലാഹു നിർദേശിച്ചു.

ബലി ഒരു പ്രതീകാത്മക കർമമാണ്. അഭിലാഷങ്ങളെ ബലിയേകി അല്ലാഹുവിന്റെ പ്രീതിക്ക് പ്രാമുഖ്യം കൽപിക്കാനുള്ള പരിശീലനമാണത്. അതിൽ മനസ്സാന്നിധ്യമാണ് പ്രധാനം. ഇബ്റാഹീമിന്റെയും ഇസ്മാഈലിന്റെയും വിശ്വാസദാർഢ്യവും ദൈവഭക്തിയും അല്ലാഹുവിനോടുള്ള അതിരറ്റ സ്നേഹവും സ്വന്തമാക്കാൻ ഈ കർമത്തിലൂടെ സാധിക്കുമ്പോൾ മാത്രമേ ബലി അന്വർഥമാകുന്നുള്ളൂ. അല്ലാഹു പഠിപ്പിക്കുന്നു: "അവയുടെ മാംസമോ രക്തമോ അല്ലാഹുവിന് ലഭിക്കുകയില്ല. നിങ്ങളുടെ ഭക്തി മാത്രമേ അല്ലാഹുവിലെത്തിച്ചേരുകയുള്ളൂ" (22:37).

വിശ്വാസി അല്ലാഹുവിന്റെ അനേകം അനുഗ്രഹങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നു. അവക്ക് നന്ദി പ്രകടിപ്പിക്കാനുള്ള ഒരു കർമമാണ് ബലി. മൃഗങ്ങളുടെ പാലും മാംസവും തോലും രോമവുമെല്ലാം മനുഷ്യജീവിതത്തിന് വളരെയേറെ പ്രയോജനം ചെയ്യുന്നു. ഇതെല്ലാം ആസ്വദിക്കുമ്പോൾ അനുഗ്രഹദാതാവിനെ ഓർക്കേണ്ടതും കൃതജ്ഞത രേഖപ്പെടുത്തേണ്ടതും ആവശ്യമാണ്. അതിനുള്ള ഏറ്റവും നല്ല മാർഗമാണ് മൃഗങ്ങളെ അല്ലാഹുവിനുവേണ്ടി ബലിയറുക്കൽ. ബലിമൃഗത്തിന്റെ മാംസം അഗതികൾക്കും ദരിദ്രർക്കും മറ്റുമായി ദാനം ചെയ്യുകയാണ്. ദരിദ്രരുടെ മെനുവിൽ പലപ്പോഴും മാംസത്തിനിടം ലഭിക്കാറില്ല. ബലിപെരുന്നാളിൽ അവർക്ക് സുഭിക്ഷമായി മാംസ ഭക്ഷണം ലഭിക്കുന്നു.

## ബലിപെരുന്നാളിന്റെ സന്ദേശം

വിശുദ്ധ ഹജ്ജിന്റെ പശ്ചാത്തലത്തിൽ ആഘോഷിക്കുന്ന ബലിപെരുന്നാൾ നൽകുന്ന സന്ദേശങ്ങൾ പലതാണ്. വിശ്വാസികൾ തമ്മിൽ സാഹോദര്യബന്ധം ഊട്ടിയുറപ്പിക്കാൻ ഈ സുദിനം പ്രയോജനപ്പെടുന്നു. ഇസ്ലാം പഠിപ്പിക്കുന്ന ഉന്നത മാനുഷിക മൂല്യങ്ങളാണ് ഹജ്ജിലൂടെ വിളംബരം ചെയ്യപ്പെടുന്നത്. മാനുഷികസമത്വമെന്ന മഹനീയ സന്ദേശം ഇതിൽ പരമപ്രധാനമാണ്. എല്ലാ പ്രകടനങ്ങളും മാറ്റിവെച്ച് ഏകരൂപത്തിലുള്ള ലളിത വസ്ത്രം ധരിച്ച് ദരിദ്രനും ധനികനും ഭാഷാ, ദേശ, വർഗ, വർണ വൈവിധ്യങ്ങൾ പാടെ മറന്ന്, ഏകോദര സഹോദരന്മാരെ പോലെ അറഫയിൽ അണിനിരന്നത് അനുസ്മരിച്ചുകൊണ്ട് അതേവികാരം സ്വന്തമാക്കുകയും പങ്കുവെക്കുകയുമാണ് വിശ്വാസികൾ ബലിപെരുന്നാളിലൂടെ.

കൃത്രിമമായി ഉയർത്തപ്പെട്ട മതിൽകെട്ടുകൾ മനസ്സിൽനിന്ന് തകർത്തെറിഞ്ഞ് സ്നേഹവും സാഹോദര്യവും പങ്കുവെക്കാനുള്ള പ്രായോഗിക പരിശീലനമാണ് ബലിപെരുന്നാൾ. ആഘോഷം ആനന്ദിക്കാനും അതോടൊപ്പം ദൈവഭക്തി വർധിപ്പിക്കാനും എങ്ങനെ പ്രയോജനപ്പെടുത്താമെന്ന് പഠിപ്പിക്കുകയാണ് ഇസ്ലാം. സന്തോഷത്തിൽ മതിമറന്ന് ഉന്മത്തരായി ആഘോഷിക്കേണ്ടതല്ല പെരുന്നാൾ. വിസ്മരിക്കപ്പെട്ട മാനുഷിക മൂല്യങ്ങളും ധാർമിക സീമകളും ജീവിതത്തിൽ പുനഃപ്രതിഷ്ഠിക്കണമെന്ന പ്രഖ്യാപനം കൂടിയായിരുന്നു നബി(സ)തിരുമേനിയുടെ ഹജ്ജ് പ്രഭാഷണം. വിശുദ്ധ ഖുർആനും പ്രവാചകചര്യയും മുറുകെപ്പിടിച്ച് സനാതന മൂല്യങ്ങളുടെ സംസ്ഥാപനത്തിനുവേണ്ടി പ്രവർത്തിക്കാൻ വിശ്വാസികൾ ദൃഢപ്രതിജ്ഞയെടുക്കണം. ചൂഷണം അവസാനിപ്പിക്കാനും സാമ്പത്തിക സന്തുലിതത്വം സാധിക്കാനും മാനുഷികസമത്വത്തിന്റെ അടിത്തറയിൽ പ്രവർത്തിക്കുന്ന ഒരു വിശ്വാസി സമൂഹത്തിന്റെ സാന്നിധ്യം അനിവാര്യമായ സന്ദർഭമാണ് മാനവികത അഭിമുഖീകരിക്കുന്നത്. പെരുന്നാൾ വിശ്വാസികളെ തട്ടിയുണർത്തണം. ബാധ്യതകൾ ഏറ്റെടുക്കാൻ സജ്ജമാക്കണം. സമൂഹത്തിന്റെ നിലനിൽപിന്നാധാരമായ സ്ത്രീ നിന്ദിതയും പീഡിതയുമാക്കപ്പെട്ട അപരിഷ്കൃതരുടെ നാട്ടിൽ, അവളുടെ അഭിമാനവും അന്തസ്സും തിരിച്ചുനൽകുകയായിരുന്നു നബി(സ). ഹജ്ജ് പ്രഭാഷണത്തിലും അദ്ദേഹം സ്ത്രീയെ അർഹിക്കുന്ന സ്ഥാനം നൽകി ആദരിക്കാൻ വിശ്വാസികളെ ഉണർത്തി. പെരുന്നാൾ സംഗമത്തിൽ ഹാജരായ സ്ത്രീകളെ നബി(സ) പ്രത്യേകമായി അഭിസംബോധന ചെയ്തത് ശ്രദ്ധിക്കപ്പെടേണ്ടതാണ്. സ്ത്രീവിമോചനത്തിന്റെ ഈ സന്ദേശം ലോകം ഏറ്റവുമധികം ആവശ്യപ്പെടുന്ന ഈ കാലഘട്ടത്തിൽ, പെരുന്നാളുകൾ അതിന്റെ സാക്ഷാത്കാരത്തിന് ഉതകേണ്ടതുണ്ട്. അല്ലാഹു അക്ബർ! ■